പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം :3196 14.07.2015 ൽ മറുപടിയ്ക്ക്

സൗരോർജ്ജ പാനലുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സണ്ണി ജോസഫ്<br>,, ടി.എൻ. പ്രതാപൻ<br>,, പി.എ.മാധവൻ<br>,, എം.എ. വാഹീദ് : | ശ്രീ.ആര്യാടൻ മുഹമ്മദ്<br>( ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതിയുടെ കനാലിന് മുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) ഉണ്ട്. കണ്ണൂർ ജില്ലയിലെ ബാരപ്പോൾ ചെറുകിട വൈദ്യുത പദ്ധതിയോടനുബന്ധിച്ചുള്ള കനാലിനു മുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുവാൻ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പദ്ധതി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദമാക്കാമോ ; | (ബി) പ്രസ്തുത പദ്ധതി വഴി രണ്ട് മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി ഉല്പാദിപ്പാക്കാനാണ് ലക്ഷ്യമിടുന്നത്. |
| (സി) പദ്ധതി നടത്തിപ്പിനുള്ള തുക എങ്ങനെയാണ് കണ്ടെത്തുന്നതെന്ന് വ്യക്തമാക്കാമോ; | (സി) മേൽ പദ്ധതിയ്ക്കായി 26.89 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്നു. കേന്ദ്ര സർക്കാരിൽ നിന്നും ആറ് കോടി രൂപ ധനസഹായം ലഭിക്കുന്നതാണ്. ബാക്കി തുക ബോർഡിന്റെ സ്വന്തം ഫണ്ടിൽ നിന്നും കണ്ടെത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്? | (ഡി) പദ്ധതിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ .